ശ്രീ. എം.കെ. മുനീർ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികളിലേക്ക് പാർട്ട് ടൈം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമാണോ;

(ബി) എങ്കിൽ ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു മാത്രം ഈ നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡമെന്ത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജില്ലയിലെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, നിശ്ചിത യോഗ്യതയുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് ഇതുമൂലം അവസരം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നിയമനങ്ങൾക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും തുല്യ പ്രാതിനിധ്യം നൽകുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിൽ വരുന്ന സംസ്ഥാന/കേന്ദ്ര/അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അറിയിക്കുന്ന പാർട്ട് ടൈം ഒഴിവുകൾക്ക് തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും, വികലാംഗരുടെ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഉദ്യോഗാർത്ഥികളെ പരിഗണിക്കാറുണ്ട്. സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിലെ പാർട്ട് ടൈം കണ്ടിജന്റ് ഒഴിവുകൾക്ക് ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ളവരെ പരിഗണിക്കാറുണ്ട്. 18.1.88.ലെ ജി.ഒ. (ആർ.ടി.) നം.101/88/എൽ.ബി.ആർ. നമ്പർ സർക്കാർ ഉത്തരവും 22.2.1996 ലെ ജി.ഒ.(ആർ.ടി.)502/96/എൽ.ബി.ആർ. നമ്പർ സർക്കാർ ഉത്തരവും ആണ് ഇത്തരത്തിൽ നിയമനം നടത്തുന്നതിന്റെ മാനദണ്ഡം.

(ഡി) പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. ശ്രദ്ധക്ഷണിക്കൽ

1. ഗൾഫ് മലയാളികൾക്കായി പ്രസാർഭാരതി ദില്ലിയിൽനിന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മലയാള പ്രക്ഷേപണം തിരുവനന്തപുരത്തുനിന്നും ആരംഭിക്കേണ്ടതിന്റെ ആവശ്യകത

[9.30 am]

ശ്രീ. പാലോട് രവി : സർ കേരളത്തിൽ സാധാരണക്കാരന്റെ വളരെ സുപ്രധാനമായ ഒരു മാധ്യമമാണ് ആകാശവാണി. പ്രത്യേകിച്ചും ടി.വി സൗകര്യം എത്തിച്ചേരാത്ത മലയോര പ്രദേശങ്ങൾ ഉൾപ്പെടെ വളരെ വിദൂരങ്ങളായ പിന്നോക്ക പ്രദേശങ്ങൾ ഉൾപ്പെടെയുള്ള ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ലക്ഷക്കണക്കിന് ആളുകളുടെ ആശ്രയം റേഡിയോ മാത്രമാണ്. നമ്മുടെ സ്റ്റേറ്റിൽ മലയാളം വാർത്ത പ്രക്ഷേപണം ചെയ്തുതുടങ്ങിയിട്ട് 50 വർഷം പിന്നിട്ടു. ഇന്ന് തിരുവനന്തപുരത്തും 406/2010.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോടും തൃശ്ശൂരും പ്രധാന നിലയങ്ങൾ പ്രവർത്തിക്കുകയാണ്. സംപ്രേ ഷണം കേരളം മുഴുവൻ വ്യാപിപ്പിക്കാൻവേണ്ടി ആലപ്പുഴയിൽ ഒരു പ്രത്യേക നിലയം അല്ലെങ്കിൽപോലും ഒരു ട്രാൻസ്മിറ്റർ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിനു വെളിയിൽ, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഇൻഡ്യയ്ക്കുപുറത്തും മറ്റ് എല്ലാ സംസ്ഥാനങ്ങളിലും സംപ്രേഷണം ചെയ്യുന്ന പരിപാടികൾ ലഭിക്കേ ണ്ടതുണ്ട്. അതാണ് സുപ്രധാനമായ കാര്യം. കേരളത്തിനുപുറത്തും ഇൻഡ്യയ്ക്കു വെളിയിലെ മറ്റ് രാജ്യങ്ങളിലും ഇവിടെനിന്നു പ്രക്ഷേപണം ചെയ്യുന്ന വാർത്ത കൾ ജനങ്ങൾക്ക് കിട്ടുന്നതിനുവേണ്ടിയുള്ള ഷോർട്ട് വേവ് ട്രാൻസ്മിറ്ററിന്റെ പണി ഇവിടെ പൂർത്തിയായിട്ട് 3 വർഷം കഴിഞ്ഞു. ആന്ധ്രപോലുള്ള സംസ്ഥാനങ്ങളിലുള്ള സൗകര്യമാണ് കഴിഞ്ഞ മൂന്നു വർഷക്കാലമായി തിരു വനന്തപുരത്ത് പണി പൂർത്തിയായി കിടക്കുന്ന ഷോർട്ട് വേവിലുള്ള നമ്മുടെ ട്രാൻസ്മിറ്റർ സംവിധാനം ഇതുവരെ ഔദ്യോഗികമായി പ്രവർത്തനം ആരംഭി ച്ചിട്ടില്ല. ഇന്ന് തിരുവനന്തപുരത്തുനിന്നും 9 മണി മുതൽ രാത്രി 11 മണിവരെ പ്രക്ഷേപണം ചെയ്യുന്ന സംവിധാനമാണുള്ളത്. മൂന്നു വർഷമായി ഒരു കോടിയിലേറെ രൂപ ചെലവാക്കി. ഈ ലോകത്തെ മുഴുവൻ വാർത്ത എത്തി ക്കാൻ കഴിയുന്ന നമ്മുടെ സൗകര്യം ഡെൽഹിയിൽ നിന്ന് രണ്ടു മൂന്ന് എൻജി നീയർമാരെ നിയമിക്കാതെ ഇവിടെ കിടക്കുകയാണ്. അങ്ങ് കത്ത് എഴുതിയത് എനിക്കറിയാം. ഇവിടെയുള്ള ഉദ്യോഗസ്ഥൻമാർ അവരുടെ പരിമിതിക്കകത്തു നിന്നുകൊണ്ട് രാവിലെ 6 മണിമുതൽ പകൽ മൂന്നര മണിവരെ ഈ സൗകര്യം ഉപയോഗിച്ച് ഇപ്പോൾ സംപ്രേഷണം ചെയ്യുകയാണ്. ആ മൂന്നര മണിവരെ ഉപയോഗിക്കുന്ന ആ സംവിധാനം രാത്രി 11 മണിവരെ പ്രക്ഷേ പണം ചെയ്യാൻ കഴിയുമെങ്കിൽ ലോകത്തെവിടെയും വളരെ ക്ലിയർ ആയിട്ട് നമുക്ക് ഈ വാർത്ത എത്തിക്കാൻ കഴിയും. പത്രങ്ങളിലും മാസികകളിലു മെല്ലാം ഈ അടുത്തകാലത്ത് വന്ന ഒരു വാർത്ത നമ്മുടെ സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗൾഫ് മലയാളികൾക്കായി പ്രസാർഭാരതി ഡൽഹിയിൽനിന്നും ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മലയാള പ്രക്ഷേപണം തിരു വനന്തപുരത്തുനിന്നാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി രണ്ടുതവണ കത്ത് എഴുതുകയുണ്ടായി. മാത്രമല്ല കേരളത്തിലെ എല്ലാ പ്രധാന പത്രങ്ങളും ഈ മലയാള പ്രക്ഷേപണം ഇത്രയും സൗകര്യമുള്ള തിരു വനന്തപുരത്തു നിന്നാരംഭിക്കണം. അതിന് ഒന്നരക്കോടിയോളം ചെലവാക്കി ഒരു നിലയം ഇവിടെ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാവശ്യമായ ഉദ്യോ ഗസ്ഥൻമാരെ ഇവിടെ പോസ്റ്റ് ചെയ്ത് ഇവിടെ നിന്ന് അത് ആരംഭിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് 16.2.99-ലും 22.6.99-ലും അങ്ങ് കേന്ദ്ര ഗവൺമെന്റിന് കത്തെഴുതി. ഞങ്ങളെല്ലാംകൂടി എയർ ഇൻഡ്യയുടെ അവഗണനയെക്കുറിച്ച് അങ്ങയോടു വന്ന് പറഞ്ഞതു പോലെ ഇത്രയേറെ അവഗണന ഈ പ്രസാർഭാരതി ബോർഡ്... തീരുമാനിച്ചി രിക്കുന്നത്. കേരളത്തിലെ ലക്ഷക്കണക്കിന് ഗൾഫ് മലയാളികൾ നമ്മുടെ പ്രാദേശിക വാർത്തകൾ കേൾക്കാൻ കാതോർത്തിരിക്കുമ്പോൾ തിരുവനന്ത പുരത്ത് അതിനുള്ള എല്ലാ സൗകര്യങ്ങളും—ഇൻഫ്രാസ്ട്രക്ചറും സാങ്കേതിക സൗകര്യങ്ങളും-നിലനിൽക്കുമ്പോൾ ഇത് ഡെൽഹിയിൽ നിന്ന് പ്രക്ഷേപണം ചെയ്യാൻ ..... അങ്ങ് രണ്ടുതവണ കത്ത് അയച്ചതിനുശേഷവും ശ്രീ. പ്രമോദ് മഹാജന് കത്ത് അയച്ചതിനുശേഷം പ്രസാർഭാരതി അതിനെക്കു റിച്ച് അന്വേഷണം നടത്താതെ ഡെൽഹിയിൽനിന്ന് പ്രക്ഷേപണം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത് ഇത് വളരെ ഗൗരവമായിട്ട് എടുക്കണം. അയൽ സംസ്ഥാനമായ ആന്ധ്രാപ്രദേ ശിൽ എന്താണ് നടന്നത്? അവിടെ നിന്നും തെലുങ്കുഭാഷയിൽ വിദേശരാജ്യ ങ്ങളിലേയ്ക്ക് വാർത്ത സംപ്രേഷണം ചെയ്യുന്നതിനുവേണ്ടി ആന്ധ്രാപ്രദേ ശിനുവേണ്ടി ഡെൽഹിയിൽ ഒരു യൂണിറ്റ് തുടങ്ങി. അവർ അതിന് സമ്മതിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. ഇപ്പോൾ തെലുങ്കു ഭാഷയിൽ സംപ്രേഷണം ചെയ്യുന്നത് ഇതേ സൗകര്യങ്ങളുള്ള, ഇന്ന് തിരുവനന്തപുരത്തുള്ള അതേ സൗകര്യമുള്ള, നിലയമുള്ള ആന്ധ്രാപ്രദേശിൽ നിന്നാണ്. നമുക്കത് എന്തുകൊണ്ട് ആയിക്കൂടാ? ഇവിടെ ഇത്രയേറെ സൗകര്യങ്ങളുണ്ട്. അങ്ങ് രണ്ടു തവണ കത്ത് എഴുതി. പ്രസാർ ഭാരതി ബോർഡ് ഇതിനെക്കുറിച്ച് അന്വേഷണം നടത്താതെ സ്റ്റേറ്റ് ഗവൺമെന്റുമായി ആലോചിക്കാതെ, ഇത്രയും സൗകര്യങ്ങൾ ഉണ്ടാക്കിയതിനെക്കുറിച്ച് ഇവിടെ വന്ന് അന്വേഷിക്കാതെ, ചർച്ച നടത്താതെ, തീരുമാനിക്കുകയാണ്. നമ്മുടെ അയൽരാജ്യങ്ങൾ ശ്രീലങ്കയും സിംഗപ്പൂരുമാണ്. ഇത്രയേറെ വിപുലമായ സംവിധാനങ്ങളുള്ള തിരുവനന്തപുരത്തു തുടങ്ങുന്നതിനെ എതിർക്കുന്നത് അവിടെ റിട്ടയർ ചെയ്യാൻ പോകുന്ന രണ്ടു മൂന്ന് ഉദ്യോഗസ്ഥൻമാരാണ്. അവരുടെ താൽപ്പര്യങ്ങൾക്കു മാത്രമായി ഇത് അവിടെനിന്നും പ്രക്ഷേപണം ചെയ്യുകയാണ്. നമുക്കറിയാം ഡൽഹിയിൽനിന്നും വെറും വാർത്ത പ്രക്ഷേപണം ചെയ്യുകയെന്നു പറഞ്ഞാൽ അത് ദേശീയ വാർത്ത മാത്രമാണ്. തിരുവനന്തപുരത്തു നിന്നുള്ള വാർത്തകൾ വളരെ കുറവാണ്. അതുകൊണ്ട് സ്വാഭാവികമായും ഗൾഫ് മലയാളികൾക്കുവേണ്ടി തുടങ്ങുന്നത് തിരുവനന്തപുരത്താവണം. അങ്ങയുടെ രണ്ട് കത്തിലും ചൂണ്ടിക്കാണിച്ചതുപോലെ, പ്രസാർഭാരതി ബോർഡിലെ ഉന്നതരായ ഉദ്യോഗസ്ഥരേയോ ഒരു പ്രത്യേക ബോർഡ് മെമ്പറേയോ ആരെയെങ്കിലും തിരുവനന്തപുരത്ത് അയച്ച് ഈ ഷോർട്ട് വേവിൽ ഇത്രയേറെ സാങ്കേതിക സൗകര്യങ്ങളുള്ള ഈ സംവിധാനം ഉപയോഗിക്കുന്നതിനുവേണ്ടി നിർബന്ധമായും ആവശ്യപ്പെടണം. എന്റെ അഭിപ്രായത്തിൽ അങ്ങ് ഡെൽഹിയിൽ പോകുമ്പോൾ അതിനു വേണ്ടിയുള്ള ശ്രമം ഉണ്ടാകണം. കഴിയുമെങ്കിൽ ചീഫ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയെങ്കിലും പ്രസാർഭാരതി ഉദ്യോഗസ്ഥൻമാരുമായിട്ട് അതുപോലെ ചീഫ് എക്സിക്യൂട്ടീവുമായിട്ട് ചർച്ച ചെയ്യുന്നതിന് ഡെൽഹിയിൽ അയയ്ക്കണം. പ്രസാർഭാരതി ബോർഡിലുള്ള ഏതെങ്കിലും മെമ്പർ വന്നാൽ അങ്ങയുമായി സംസാരിക്കാൻ തയ്യാറായാൽ, ഇവിടെയുള്ള സംഘടനകളുമായിട്ട് സംസാരിക്കാൻ തയ്യാറായാൽ, ഇവിടത്തെ ആകാശവാണി നിലയത്തിലെ സൗകര്യങ്ങൾ വന്ന് പരിശോധിക്കാൻ തയ്യാറായാൽ, നമുക്ക് ഈ അവഗണന ഉണ്ടാകുകയില്ല. ഞങ്ങൾ എയർ ഇൻഡ്യയുടെ അവഗണനയെക്കുറിച്ച് അങ്ങയോടു പറഞ്ഞതുപോലെ, കേന്ദ്രഗവൺമെന്റ് എയർ ഇൻഡ്യയുടെ കാര്യത്തിൽ നമ്മളെ അവഗണിക്കുന്നു. കോഴിക്കോടും കണ്ണൂരും കൊച്ചിയിലുമാണ് നമുക്ക് രണ്ട് മൂന്ന് എഫ്.എം.നിലയങ്ങൾ ഉള്ളത്. കൊച്ചിയിലുള്ള എഫ്.എം. നിലയത്തിൽ നിന്നും രാവിലെ 6 മണി മുതൽ 9 മണി വരെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ പെട്ടെന്ന് നിർത്തി വച്ചു. തിരുവനന്തപുരത്തുള്ളതുപോലെ വാണിജ്യ പ്രക്ഷേപണം ചെയ്യാമെന്ന് ഉറപ്പുനൽകിയിരുന്നു. കൊച്ചിയിൽനിന്ന് രാവിലെ 6 മണി മുതൽ 9 മണിരെ ഉണ്ടായിരുന്ന പ്രക്ഷേപണം നിർത്തിവച്ചു. പുതിയ സംവിധാനമില്ല. ഉണ്ടായിരുന്നത് നിർത്തി വച്ചു. വാണിജ്യ പ്രക്ഷേപണം ഇവിടെ നിന്നും തുടങ്ങിയാൽ നമുക്ക് പരസ്യയിനത്തിൽ ലക്ഷക്കണക്കിന് രൂപ കിട്ടും. അതൊഴിവാക്കി, എന്നിട്ടോ? അവിടെ പ്രക്ഷേപണം ആരംഭിച്ചു. സംഘടന രംഗത്തുവന്നു. എന്നിട്ട് ഒന്നും ചെയ്തില്ല. ഇപ്പോൾ ഹൈക്കോടതി ഇടപെട്ട്, ഇത് കാണിച്ചിരിക്കുന്നത് അന്യായമാണെന്ന് പ്രസാർഭാരതിയോടു പറഞ്ഞതുകൊണ്ട് ഇന്നു രാവിലെ തുടങ്ങുകയാണ്. മലയാളികൾ ഇനി ഹൈക്കോടതിയിൽ പോകണമോ? ഇത്രയും സൗകര്യങ്ങളുള്ള, മറ്റു പല സംസ്ഥാനങ്ങളെക്കാൾ സൗകര്യമുള്ള, ലക്ഷക്കണക്കിന് ഗൾഫ് മലയാളികൾക്ക് ഈ കേരളവുമായിട്ട് വളരെയേറെ വികാരപരമായി ബന്ധമുള്ള, ലക്ഷക്കണക്കിന് കുടുംബങ്ങളുള്ള, മലയാളികൾക്കുവേണ്ടി ആരംഭിക്കാൻ പോകുന്ന ഈ പ്രക്ഷേപണം തിരുവനന്തപുരത്തുനിന്നു നടത്താൻ നമ്മുടെ എല്ലാ സ്വാധീനവും ഉപയോഗിക്കണം. അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് കത്ത് എഴുതി, അതുകൊണ്ട് അങ്ങ് നിർബന്ധപൂർവ്വം ചീഫ് സെക്രട്ടറിയെ പ്രസാർഭാരതി ബോർഡുമായിട്ട് ചർച്ച ചെയ്യുന്നതിന് അയച്ച്, അവരെ ഇവിടെ വരുത്തി ഈ അവഗണനയ്ക്കു പരിഹാരമുണ്ടാക്കണം. അവിടത്തെ ഉദ്യോഗസ്ഥൻമാരുടെ കളിയാണ്; അവരുടെ അവഗണനയാണ്. കേരളീയരോടുള്ള അവരുടെ ഈ അവഗണന അവസാനിപ്പിച്ച് നമുക്ക് ഇവിടെനിന്നു തന്നെ-ആന്ധ്രാപ്രദേശിൽ തുടങ്ങിയതുപോലെ, അവരുടെ ഭാഷ വിദേശ രാജ്യങ്ങളിലുള്ള അവരുടെ നാട്ടുകാർക്ക് കേൾക്കാൻ കഴിയുന്നതുപോലെ നമ്മുടെ ഭാഷ നമ്മുടെ നാട്ടുകാർക്കും കേൾക്കാൻ ഇതിവിടെനിന്ന് തുടങ്ങുന്നതിനുള്ള എല്ലാവിധ സ്വാധീനവും സ്റ്റേറ്റ് ഗവൺമെന്റ് ഉപയോഗിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവഗണനയില്ല എന്നല്ല. അവഗണനയുണ്ട്. എന്തായാലും സെപ്റ്റംബർ 11-ാം തീയതി ഇലക്ഷൻ വരികയാണ്. അപ്പോൾ നമുക്കൊരു പുതിയ സംവിധാനം വരുമോ എന്ന് നോക്കാം. അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരും അധികൃതരുമായി സമീപിച്ച് ഇത് കൈകാര്യം ചെയ്യാം. ഗൾഫ് മലയാളികൾക്കുവേണ്ടി ഒരു പ്രത്യേക പ്രക്ഷേപണം ആരംഭിക്കാൻ കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അത്രയേ ഉള്ളൂ. ഇതിനുള്ള പ്രത്യേക പ്രക്ഷേപണ യൂണിറ്റ് ഡൽഹിയിൽ തുടങ്ങാനാണ് നിർദ്ദേശമെന്ന് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ യൂണിറ്റ് കേരളത്തിൽത്തന്നെ ആയിരിക്കേണ്ടതിന്റെ ആവശ്യകതയും സൗകര്യവും വിശദമായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിക്ക് 16-2-99-ൽ ഞാൻ കത്ത് എഴുതിയിരുന്നു. ഈ കാര്യം പരിശോധനയിൽ ആണെന്നറിയിച്ചുകൊണ്ട് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിയിൽനിന്നും ഒരു മറുപടിയും കിട്ടിയിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറിയും കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിയെ ഓർമ്മക്കുറിപ്പിലൂടെ അറിയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സമ്മർദ്ദം നമുക്ക് താമസിയാതെ ചെലുത്താവുന്നതാണ്. ഏതായാലും പ്രസാർഭാരതി അതുപോലെതന്നെ ഉണ്ടാകുമോ എന്ന് നമുക്ക് നോക്കാം. അതിന് നമുക്ക് ശ്രദ്ധ ചെലുത്താം.

ശ്രീ. പാലോട് രവി : അങ്ങ് പറഞ്ഞതുപോലെ തെരഞ്ഞെടുപ്പിന്റെ സാഹചര്യമാണ്; ചീഫ്സെക്രട്ടറി ഓർമ്മക്കുറിപ്പ് അറിയിച്ചിട്ടുമുണ്ട്. പ്രസാർഭാരതി ബോർഡാണ് തീരുമാനമെടുക്കുന്നത് എന്നുപറഞ്ഞു. ഈ പ്രസാർഭാരതി ബോർഡിലെ ഉന്നതൻമാരായ ചീഫ് എക്സിക്യൂട്ടീവും ഡയറക്ടർ ബോർഡുമായി സംസാരിക്കുന്നതിന്, ദയവായി ഈ തെരഞ്ഞെടുപ്പ് വച്ചിരിക്കുന്ന പശ്ചാത്തലത്തിൽ, അവർക്കാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഇവിടെയുള്ളത് അവരെ ബോദ്ധ്യപ്പെടുത്തുന്നതിന് അങ്ങേക്ക് ചീഫ് സെക്രട്ടറിയെ ഒന്ന് ഡെൽഹിയിൽ അയയ്ക്കാമോ?

ശ്രീ. ഇ.കെ. നായനാർ : ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇപ്പോൾ ഇലക്ഷൻ ടൈമിൽതന്നെ അതിന്റെ നടപടി എന്താണെന്നു പരിശോധിച്ചിട്ട് ചെയ്യാം.

2. സമൂഹത്തിൽ മൂല്യച്യുതിയുണ്ടാക്കിയേക്കാവുന്ന പരസ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ, കാസറ്റുകൾ എന്നിവ നിരോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, നമ്മുടെ സമൂഹം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അപകടകരമായ ചില പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്നതിനാണ് ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മനുഷ്യസ

LIBRARY ARCHIVES Kerala Legislative Assembly